ടൂറിസത്തിന് വകയിരുത്തിയ തുക

7 (2719) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസത്തിന് ഓരോ വർഷവും വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസത്തിന് ഈ വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ജില്ല തിരിച്ച് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ജില്ലയിലും വകയിരുത്തിയ തുകയുടെയും തെരഞ്ഞെടുത്ത പദ്ധതികളുടേയും മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) അഡ്വഞ്ചർ ടൂറിസത്തിന് ഗവൺമെന്റ് നൽകുന്ന മുൻഗണന പരിഗണിച്ച് കക്കയം-പെരുവണ്ണാമുഴി കേന്ദ്രങ്ങൾ അഡ്വഞ്ചർ ടൂറിസത്തിന് ഉപയോഗിക്കാനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസത്തിന് ഓരോ വർഷവും വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

2002-03	-	64.30	കോടി
2003-04	-	61.35	,,
2004-05	-	79.60	,,

(ബി) ടൂറിസത്തിന് ജില്ല തിരിച്ച് തുക അനുവദിക്കാറില്ല. ടൂറിസം മേഖലയിൽ നടപ്പിലാക്കേണ്ടുന്ന പദ്ധതികൾക്ക് മൊത്തമായിട്ടാണ് ഓരോ വർഷവും ബഡ്ജറ്റിൽ തുക നീക്കി വയ്ക്കുന്നത്. ചെലവഴിക്കുന്നതും ജില്ല തിരിച്ചല്ല. സംസ്ഥാനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു:

2002-03	-	64.10	കോടി
2003-04	-	61.325	,,
2004-05	-	9.855	,, (നാളിതു വരെ)

(സി) വിനോദസഞ്ചാര സാധ്യതകളും യോഗ്യമായ പ്രോജക്ടുകളുടെ ലഭ്യതയനുസരിച്ചാണ് പദ്ധതികൾ അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1. ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതി രൂപീകരിച്ചു.

2. കേരളത്തിലുടനീളമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ പത്താം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി.

3. ടൂറിസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഗവൺമെന്റിന്റെ നയങ്ങളും, നിയമനിർമ്മാണങ്ങളും മാറ്റുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചു.

4. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അസൂത്രിത വികസനം നടപ്പിലാക്കുന്നതിന് സഹായങ്ങളാകുന്ന നിയമനിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചു.

5. സംസ്ഥാനത്തിന്റെ കലാ-സംസ്കാരം, പാരമ്പര്യം എന്നിവ സംരക്ഷിക്കാനും, പരിരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു.

6. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പരിസ്ഥിതി ഭദ്രവും, സ്ഥിരസ്ഥായിയുമായുള്ള ടൂറിസം പഠനങ്ങളും, പ്രവർത്തനങ്ങളും നടപ്പിലാക്കി.

7. ടൂറിസം സേവന മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ഇ) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

യാത്രിനിവാസുകളുടെ പ്രവർത്തനം

8 [2720] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാം യാത്രിനിവാസുകൾ പ്രവർത്തിക്കുന്നു; ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ലാഭകരമല്ലാത്ത യാത്രിനിവാസുകളുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിവിരിക്കുമോ;

(സി) പുതുതായി എവിടെയെല്ലാം യാത്രിനിവാസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ചെലവ് കുറഞ്ഞ താമസ-ഭക്ഷണ സൗകര്യം ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly